# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8032 16/07/2014 - ൽ മറുപടിയ്ക്ക്

## ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് സംവിധാനങ്ങൾ

**ചോദ്യം**

ശ്രീ. എ. കെ.ബാലൻ
ശ്രീ. കെ. വി. വിജയദാസ്
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**ഉത്തരം**

കുമാരി. പി. കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന് ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് & മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെൽ എല്ലാ മാസവും പ്രോജക്ട് ഓഫീസർമാരുടേയും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടേയും യോഗം വിളിച്ചു ചേർത്ത് പദ്ധതി പുരോഗതി അവലോകനം നടത്താറുണ്ട്. കൂടാതെ സർക്കാർ തലത്തിലും അവലോകനം നടത്തുന്നുണ്ട്. |
| (ബി) പ്രസ്തുത സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മ കാരണം പ്രഖ്യാപിച്ച പദ്ധതികൾ ആദിവാസികൾക്ക് ഗുണപ്രദമായ രീതിയിൽ നടപ്പാക്കുന്നതിന് സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) ആദിവാസി മേഖലയയിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ തുക കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും പ്രസ്തുത മേഖലയിലുള്ളവർക്ക് ഉപകാരപ്രദമാകുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ആദിവാസി മേഖലയിൽ ചെലവഴിക്കപ്പെടേണ്ട തുകയിൽ ഏതൊക്ക രീതിയിൽ വെട്ടിപ്പ് നടന്നു എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

**(സി & ഡി)**

ഡയറക്ടറേറ്റിലെ പ്ലാനിംഗ് & മോണിറ്ററിംഗ് സെൽ എല്ലാ മാസവും പ്രോജക്ട് ഓഫീസർമാരുടെയും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെയും യോഗം വിളിച്ചു ചേർത്ത് പദ്ധതി പുരോഗതി അവലോകനം നടത്താറുണ്ട്.

**സെക്ഷൻ ഓഫീസർ**